(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഏതു ചട്ടങ്ങളിലാണ് ഇങ്ങനെ മാറ്റം വരുത്തിയത് ; വ്യക്തമാക്കാമോ ;

(ഡി) മാറ്റം വരുത്തിയ ചട്ടങ്ങൾ ജനങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അറിയിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനസമ്പർക്ക പരിപാടിവഴി ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുവാനുമാണ് ഉദ്ദേശിച്ചത്.

(സി&ഡി) ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും അറിവിലേക്കായി സർക്കാർ ഉത്തരവുകളുടെ സമാഹാരം വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം

21(5601) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയേറ്റിലെ ഏതെല്ലാം തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് സെക്രട്ടേറിയറ്റിന് പുറത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നത് ; സെക്രട്ടേറിയേറ്റിലെ തസ്തികയും വകുപ്പിലെ തസ്തികയും അവയുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റ് ജീവനക്കാരെ മാത്രം നിയമിക്കുന്ന തസ്തികകൾ ഏതെല്ലാമാണ് ; സെക്രട്ടേറിയറ്റിലെ തസ്തിക വകുപ്പിലെ തസ്തിക, അവയുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റിന് പുറത്തുള്ള ഏതെല്ലാം തസ്തികകളുടെ നിയമനത്തിനാണ് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ക്വാട്ട നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി എന്നിവരെ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റിന് പുറത്ത് നിയമിക്കുന്നത് ; തസ്തികകളുടെ പേരും, എണ്ണവും അടക്കമുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഹയർ സെക്കണ്ടറി വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നീ തസ്തികകളിലുള്ളവർക്കും വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ, അതോറിറ്റികൾ എന്നിവിടങ്ങളിലെ വിവിധ തസ്തികകളിൽ നിയമനം അനുവദിക്കാറുണ്ട്. ഇത്തരത്തിൽ നിയമനം/അന്യത്ര സേവനം അനുവദിച്ച പൊതുഭരണ/നിയമ/ധനകാര്യ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ തസ്തിക, വകുപ്പുകളിലെ തസ്തികകൾ, എണ്ണം ഇവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പുറത്തുള്ള നിയമനത്തിന് പ്രത്യേക ക്വാട്ട നിശ്ചയിച്ചിട്ടില്ല.

(ഇ) സീനിയർ അഡ്മിനിസ്ട്രേറ്റർ തസ്തികയിലും ജൂനിയർ/സീനിയർ സൂപ്രണ്ട് തസ്തികകളിലും പൊതുഭരണ വകുപ്പിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

22(5602) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജൂലൈ 31 വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ ; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. ഇടങ്ങിയ വകുപ്പുകളിൽ 2015 ജൂലൈ 31 വരെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ ;

(സി) 2015 ഡിസംബർ 31 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015 ജൂലൈ 31 വരെ പൊതുഭരണ വകുപ്പിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ 69 ഒഴിവുകളുണ്ട്. ഇതിൽ 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽ 2015 ജൂലൈ 31 വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ 45 ഒഴിവുകളുണ്ട്. ഇതിൽ 36 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.